ശ്രീ. ജോസഫ് മുണ്ടശ്ശേരി : കഴിയുന്നതും വേഗത്തിൽ ആരംഭിക്കുന്നതി നുള്ള ആർഡറുകൾ കൊടുത്തിട്ടുണ്ട്. എന്നാൽ ചില ഇനങ്ങൾ ഫോറിൻ എക്സ്ചേയിഞ്ച് അനുസരിച്ചു മാത്രമേ ഇവിടെ കൊണ്ടുവരുവാൻ സാധിക്കുകയുള്ളൂ. അതിനു അല്പം കാലതാമസം വന്നേക്കും.

SHORT NOTICE QUESTION.

മത്സ്യം വിറ്റഴിക്കുന്നതിനുള്ള കോൺട്രാക്ട്.

* 17. ശ്രീ. പി. രവീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഡോ നോർവീജിയൻ പ്രോജക്ടിന്റെ വക കപ്പൽ ഉപയോഗിച്ച് കൊച്ചിയിൽ നിന്നു പിടിക്കുന്ന മത്സ്യം ദിവസംതോറും വിറ്റഴിക്കുന്നതിനു് ആർക്കെല്ലാം കോൺട്രാക്ട് നൽകിയിരുന്നു ?

(ബി) കോൺട്രാക്ട് നൽകുന്നതിൽ ഗവണ്മെന്റിനു് എന്തെങ്കിലും ഉത്തരവാദിത്വമുണ്ടോ ;

(സി) ഏതെങ്കിലും കോൺട്രാക്ടറിൽ നിന്നു് ഗണ്യമായ ഒരു തുക പ്രോജക്ടിനു ഈടാക്കാനുണ്ടോ ;

(ഡി) ഇക്കാര്യത്തിൽ ഗവണ്മെന്റു് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടു് ?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ജോസഫ് മുണ്ടശ്ശേരി) :

(എ) കോൺട്രാക്ടറന്മാരുടെ പേരുവിവരം താഴെ കുറിക്കുന്നു. (1) ശ്രീനിവാസു, (2) കുട്ടാക്കോസ്, (3) സബാസ്റ്റ്യൻ, (4) കൊച്ചിൻ കമ്പനി, (5) ബാപ്പുക്കുട്ടി, (6) സി. എം. മേനോൻ.

(ബി) പ്രോജക്ടാഫീസിൽ നിന്നു ഗസറ്റ് നോട്ടിഫിക്കേഷൻ പ്രകാരമുള്ള ഓപ്പൺ ടെൻഡർ അനുസരിച്ചാണു് കോൺട്രാക്ട് നൽകുന്നതു്. ടെൻഡർ അംഗീകരിക്കുന്നതു് ഫിഷറി ഡയറക്ടറാണു്.

(സി) ഉണ്ടു്. ശ്രീ. ശ്രീനിവാസനിൽ നിന്നും ഉദ്ദേശം 13,000 രൂപാ ഈടാക്കാനുണ്ടു്.

(ഡി) ശ്രീനിവാസന്റെ പേരിൽ സിവിലായും ക്രിമിനലായും നടപടികളെടുക്കുവാൻ ഗവണ്മെന്റു് ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടു്. പോലീസു കേസും നടന്നുകൊണ്ടിരിക്കുകയാണു്.

ശ്രീ. പി. രവീന്ദ്രൻ : ശ്രീനിവാസനു് കൊടുത്തിരുന്ന കോൺട്രാക്ടു് ശ്രീ. പി. കെ. കുഞ്ഞിന്റെ അഭിപ്രായപ്രകാരമാണു് കൊടുത്തിട്ടുള്ളതെന്നറിയുന്നതിൽ പരമാർത്ഥമുണ്ടോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ശ്രീ. പി. കെ. കുഞ്ഞാണു് ശ്രീ. ശ്രീനിവാസനെ പരിചയപ്പെടുത്തിയതെന്നു കാണുന്നു. എന്നാൽ അദ്ദേഹത്തെ കണ്ടുപിടിക്കുന്നതിനു വളരെയൊക്കെ ശ്രമിച്ചിട്ടും ഇതുവരെ കണ്ടുപിടിക്കുവാൻ കഴിഞ്ഞിട്ടില്ല.

ശ്രീ. പി. രവീന്ദ്രൻ : ഇതിനെപ്പറ്റി ശ്രീ. പി. കെ. കുഞ്ഞിനോടു് ചോദിച്ചിട്ടുണ്ടോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ശ്രീ. പി. കെ. കുഞ്ഞു് ഇതിന്റെ ഒരു പാർട്ടനർ, ആയിരുന്നു എന്നും കാണുന്നു. എന്നാൽ പിന്നീടു് അദ്ദേഹം അതിൽ നിന്നും പിരിഞ്ഞതായിട്ടാണു രേഖകൊണ്ടു മനസ്സിലാക്കേണ്ടതു" അതുകൊണ്ടു് അദ്ദേഹത്തെക്കണ്ടു ചോദിച്ചാൽ വലിയ പ്രയോജനമുണ്ടാകുമെന്നു തോന്നുന്നില്ല. എങ്കിലും, അദ്ദേഹത്തിൽനിന്നു ലഭിക്കാൻ കഴിയുന്ന വിവരങ്ങൾ ശേഖരിക്കുവാൻ ഗവണ്മെന്റു തയ്യാറാകുന്നതാണു്,

LIBRARY ARCHIVES Kerala Legislative Assembly